©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 6th April 2010<br>2010 ഏപ്രിൽ 6<br>16th Chaithra 1932<br>1932 ചൈത്രം 16 | No.<br>നമ്പർ 839 |

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനങ്ങൾ

ജി. ഒ. (ആർറ്റി.) നമ്പർ 586/2010/തൊഴിൽ. *തിരുവനന്തപുരം, 2010 മാർച്ച് 30.*

I

**എസ്. ആർ. ഒ. നമ്പർ 356/2010.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2000 ഒക്ടോബർ 20-ാം തീയതിയിലെ 1873-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 975/2000 ആയി പ്രസിദ്ധീകരിച്ച 2000 ഒക്ടോബർ 5-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 3420/ഇ1/2000/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചശേഷവും, പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുമായി കൂടിയാലോചിച്ചതിനുശേഷവും കേരള സംസ്ഥാനത്തെ കള്ളു ചെത്ത് വ്യവസായത്തിലെ

തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ, ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

## പട്ടിക

സംസ്ഥാനത്തെ തെക്കൻ മേഖല, വടക്കൻ മേഖല എന്നീ രണ്ടു മേഖലകളായി കണക്കാക്കി അതനുസരിച്ചുള്ള കൂലി നിരക്കുകൾ ചുവടെ ചേർക്കുന്നു:

*തെക്കൻ മേഖല*– തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, ജില്ലകൾ.

*വടക്കൻ മേഖല*– മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾ.

(വൃക്ഷപ്പാട്ടം– ഷാപ്പുടമ നൽകേണ്ടതാണ്)

**(എ) അടിസ്ഥാന കൂലിയും ക്ഷാമബത്തയും**

*അടിസ്ഥാന കൂലി (സംസ്ഥാനത്തൊട്ടാകെ)*

| | | |
|---|---|---|
| തെങ്ങിൻ കള്ള് (ലിറ്ററിന്) | .. | 9 രൂപ 50 പൈസ |
| പനങ്കള്ള് (ലിറ്ററിന്) | .. | 6 രൂപ |

<u>ക്ഷാമബത്ത</u>.– ക്ഷാമബത്ത കണക്കാക്കുന്നതിന് നിലവിലുള്ള രീതി തുടരേണ്ടതാണ്. പുതിയ സീരീസ് 250 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിൻറിനും 10 പൈസ വീതം ക്ഷാമബത്ത, അടിസ്ഥാന വേതനത്തിന് പുറമേ നൽകേണ്ടതാണ്. ക്ഷാമബത്ത കണക്കാക്കുന്നതിന് ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയും ഉള്ളകാലത്തെ ശരാശരി സൂചികകളുടെ അടിസ്ഥാനം കണക്കിലെടുക്കേണ്ടതാണ്. ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക ഉപഭോക്തൃ വില സൂചിക നമ്പർ പ്രസിദ്ധീകരിക്കുന്നതുവരെ ഈ ജില്ലകൾക്ക് യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

<u>കുറിപ്പ്</u>:

*(1) ജോലിഭാരം*

| | | |
|---|---|---|
| തെങ്ങ് കുറഞ്ഞത് | .. | 8 എണ്ണം |
| കരിമ്പന കുറഞ്ഞത് | .. | 8 എണ്ണം |
| ഈറമ്പന കുറഞ്ഞത് | .. | 4 എണ്ണം. |

മേൽപ്പറഞ്ഞ ക്രമത്തിൽ കോൺട്രാക്ടർ വൃക്ഷം പാട്ടത്തിന് എടുത്തുകൊടുക്കേണ്ടതും തൊഴിലാളികൾ ഈ വൃക്ഷങ്ങൾ ചെത്തി ഉല്പാദനം നടത്തേണ്ടതുമാണ്.

*(2) കള്ള് അളവ് (ഒരു ദിവസം)*

തെക്കൻ മേഖലയിൽ തെങ്ങ് ഒന്നിന് 750 മില്ലീലിറ്ററും പന ഒന്നിന് 2 ലിറ്ററും വടക്കൻ മേഖലയിൽ തെങ്ങ് ഒന്നിന് ഒരു ലിറ്ററും പന ഒന്നിന് 2 ലിറ്ററും കള്ള് അളവിന് പൂർണ്ണമായ ക്ഷാമബത്ത ലഭിക്കുന്നതാണ്.

*(3) പ്രോത്സാഹന കൂലി*

<u>തെക്കൻ മേഖല.</u>—മിനിമം 6 ലിറ്ററിന് മുകളിൽ 12 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് ഒരു രൂപ വീതവും 12 ലിറ്ററിന് മുകളിൽ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് 2 രൂപ വീതവും, പനങ്കള്ളിന് 8 ലിറ്ററിന് മുകളിൽ 16 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്ററിനും 50 പൈസവീതവും 16 ലിറ്ററിനു മുകളിൽ അളക്കുന്ന ഓരോ ലിറ്ററിനും 1 രൂപ വീതവും തൊഴിലാളികൾക്ക് നൽകേണ്ടതാണ്.

<u>വടക്കൻ മേഖല.</u>—മിനിമം 8 ലിറ്ററിന് മുകളിൽ 16 ലിറ്റർവരെ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് ഒരു രൂപ വീതവും 16 ലിറ്ററിന് മുകളിൽ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് 2 രൂപ വീതവും, പനങ്കള്ളിന് 8 ലിറ്ററിന് മുകളിൽ 16 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്ററിനും 50 പൈസവീതവും 16 ലിറ്ററിനു മുകളിൽ അളക്കുന്ന ഓരോ ലിറ്ററിനും 1 രൂപ വീതവും തൊഴിലാളിക്ക് നൽകേണ്ടതാണ്.

**(ബി) ഒരുക്കു കൂലി (സംസ്ഥാനത്തൊട്ടാകെ)**

| | | |
|---|---|---|
| (1) | തെങ്ങ് ഒന്നിന് | .. 115 രൂപ |
| (2) | ചൂണ്ടപ്പന ഒന്നിന് | .. 230 രൂപ |
| (3) | കരിമ്പന (ഒന്നിന്) | .. 135 രൂപ |

**(സി) ഗ്യാരന്റീഡ് മിനിമം വേതനം**

4 തെങ്ങ് അല്ലെങ്കിൽ 2 പന ചെത്തിയിട്ടും ക്ഷാമബത്ത ഉൾപ്പെടെ 120 രൂപ ഒരു ദിവസം കൂലി കിട്ടുന്നില്ലായെങ്കിൽ അത്രയും സംഖ്യ ഗ്യാരന്റീഡ് മിനിമം വേതനം ആയി (തുടർച്ചയായി 45 ദിവസത്തേക്ക്) നൽകേണ്ടതാണ്.

കൂലി, ക്ഷാമബത്ത, ഒരുക്കുകൂലി എന്നിവ കൂടാതെ വിവിധ പ്രദേശങ്ങളിൽ ഇപ്പോൾ നിലവിലുള്ള ഹിൽ അലവൻസ്, പോർട്ട് അലവൻസ്, പ്രോത്സാഹന കൂലി തുടങ്ങിയവ അതാത് പ്രദേശത്തെ പ്രത്യേക ആനുകൂല്യങ്ങളായി തുടർന്നും നൽകേണ്ടതാണ്.

മേൽപ്പറഞ്ഞവയിൽ നിന്നും മെച്ചപ്പെട്ട വേതന വ്യവസ്ഥകൾ ഏതെങ്കിലും പ്രദേശങ്ങളിൽ നിലവിലുണ്ടെങ്കിൽ ആയത് തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായത്തിലെ/മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കുകൾ 2000 ഒക്ടോബർ 5-ാം തീയതിയിലെ ജി.ഒ. (ആർറ്റി.) നമ്പർ 3420/ഇ1/2000/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. കള്ള് ചെത്ത് വ്യവസായത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചും, മിനിമം വേതന ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും കള്ള് ചെത്ത് വ്യവസായത്തിലെ/മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## II

എസ്. ആർ. ഒ. നമ്പർ 357/2010.—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2001 നവംബർ 7-ാം തീയതിയിലെ 1723-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1005/2001 ആയി പ്രസിദ്ധീകരിച്ച 2001 ഒക്ടോബർ 30-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 3243/2001/തൊഴിൽ എന്ന വിജ്ഞാപനത്തിലെ മദ്യവ്യവസായ വിൽപ്പനമേഖലയിലെ തൊഴിലാളികൾക്ക് നിശ്ചയിച്ച ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഭാഗികമായി അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷവും, പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേജസ് ഉപദേശക സമിതിയുമായി കൂടിയാലോചിച്ചതിനുശേഷവും കേരള സംസ്ഥാനത്തെ മദ്യവ്യവസായ വിൽപ്പന മേഖലയിലെ കള്ള് വിൽപ്പന തൊഴിലാളികളുടെ (കള്ള് ഷാപ്പ് തൊഴിലാളികളുടെ) ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ, ഇതിനാൽ

പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

പട്ടിക

(എ) അടിസ്ഥാന ശമ്പളം

| *തസ്തിക/വിഭാഗം* | *പ്രതിമാസ വേതനം* |
| --- | --- |
| ഗ്രേഡ് I | |
| (1) മാനേജർ<br>(2) അക്കൗണ്ടന്റ്<br>(3) ക്യാഷ്യർ | 3165 രൂപ |
| ഗ്രേഡ് II | |
| (1) റൂട്ട് മാനേജർ/ബിൽ കളക്ടർ<br>(2) ചെക്കർ<br>(3) കുക്ക്<br>(4) ക്ളാർക്ക്<br>(5) ഡ്രൈവർ | 3038 രൂപ |
| ഗ്രേഡ് III | |
| (1) സ്റ്റോർമാൻ/സ്റ്റോർ വർക്കർ<br>(2) സെയിൽസ് മാൻ/സപ്ലെയർ<br>(3) ട്രാൻസ്പോർട്ട് വർക്കർ<br>(4) ഷോപ്പ് മാനേജർ<br>(5) ഡിപ്പോ വർക്കർ | 2910 രൂപ |
| ഗ്രേഡ് IV | |
| (1) ഹെൽപ്പർ<br>(2) കിച്ചൻ അസിസ്റ്റന്റ്<br>(3) ബോയി/ക്ളീനർ<br>(4) വാച്ച്മാൻ | 2783 രൂപ |

(ബി) <u>ക്ഷാമബത്ത</u>.— എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും വകുപ്പ് പ്രസിദ്ധീകരിക്കുന്ന അതാതു ജില്ലാ ആസ്ഥാനങ്ങളിലെ ഉപഭോക്തൃ വില സൂചികയുടെ 600 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 2 രൂപ നിരക്കിൽ ക്ഷാമബത്ത (നിലവിലുള്ള പ്രകാരം) നൽകേണ്ടതാണ്. ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക ഉപഭോക്തൃ വില സൂചിക നമ്പർ പ്രസിദ്ധീകരിക്കുന്നതുവരെ ഈ ജില്ലകൾക്ക്

യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയുമുള്ള കാലത്തെ ശരാശരി ഉപഭോക്തൃ വില സൂചികകളുടെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത കണക്കാക്കേണ്ടത്.

(സി) മേൽപ്പറഞ്ഞ മിനിമം വേതനത്തിൽ കൂടുതൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ/ തൊഴിലുടമയുടെ കീഴിൽ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെങ്കിൽ ആ വേതനം തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ മദ്യവ്യവസായ വിൽപ്പന മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ 2001 ഒക്ടോബർ 30-ാം തീയതിയിലെ ജി. ഒ. (ആർ റ്റി.) നമ്പർ 3243/2001/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. കള്ള് ചെത്ത് വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കുന്നതിനായി 2007 ജൂലൈ 17-ാം തീയതിയിലെ ജി. ഒ. (എം എസ്.) 91/2007/തൊഴിൽ നമ്പർ പ്രകാരം ശ്രീ. എം. ജഹാംഗീർ, ചെയർമാനായി മിനിമം വേതന കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് സംസ്ഥാനത്തെ കള്ള് വ്യവസായ വില്പന മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കുന്നതിനുള്ള ശുപാർശകൾകൂടി സമർപ്പിക്കാൻ ഈ കമ്മിറ്റിയെ 2008 ഏപ്രിൽ 9-ാം തീയതിയിലെ ജി. ഒ. (എംഎസ്.) 59/2008/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ കള്ള് വില്പന മേഖലയിലെ തൊഴിലാളികൾക്ക് (കള്ള് ഷാപ്പ് തൊഴിലാളികൾക്ക്) നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.